പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2569 | 18.06.2014 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത ഗ്രാമ പദ്ധതിയിലുൾപ്പെടുത്തി നാട്ടിക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാഗോപി | | ശ്രീ. എ.പി.അനിൽ കമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിക നിയോജക മണ്ഡലത്തിലെ ശിവപുരം കോളനിയിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായി എന്ന് വിശദാക്കുമോ; | (എ) | നാട്ടിക നിയോജകമണ്ഡലത്തിലെ ശിവപുരം കോളനിയിലെ വീടുകളുടെ പ്ലാസ്റ്ററിംഗ്, റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ്, കോൺക്രീറ്റ് റോഡ്, കമ്മ്യൂണിറ്റിഹാൾ മെയിന്റനൻസ്, കമ്മ്യൂണിറ്റി ഹാളിന്റെ ചുറ്റുമതിൽ മെയിന്റനൻസ്, അംഗൻവാടികളുടെ നവീകരണം എന്നിവയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം ഇതുവരെ 8 വീടുകളുടെ മെയിന്റനൻസ് കഴിഞ്ഞിട്ടുണ്ട്, 20 മീറ്റർ നീളത്തിലുള്ള റീട്ടെയിനിംഗ് വാൾ പണി കഴിഞ്ഞിട്ടുണ്ട്, വേസ്റ്റ് കുഴി 40 എണ്ണം പണിതിട്ടുണ്ട്, 20 വാട്ടർടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. കമ്മ്യൂണിറ്റി ഹാളിനരികിൽ വാട്ടർടാങ്ക് സ്ഥാപിക്കുകയും 30 മീറ്റർ നീളത്തിൽ കോമ്പൗണ്ട് വാൾ പണിയുകയും ചെയ്തിട്ടുണ്ട്. അംഗൻവാടികളുടെ നവീകരണവും പൂർത്തിയായിട്ടുണ്ട്. മൊത്തം **37,84,071/-** രൂപയുടെ നിർമ്മാണ പ്രവർത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. |
| (ബി) | പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നതിന് കാരണം ബോധ്യപ്പെടുത്തുമോ; കാലതാമസം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | പദ്ധതി നടപ്പിലാക്കുമ്പോൾ ഫീൽഡിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കാരണം കാലതാമസം ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് പട്ടികജാതി വികസന ഡയറക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതിയുടെ ഉദ്ഘാടനം എന്ന് നടത്തുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | പണി പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ ഉദ്ഘാടനം നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ